LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 11-11-2015 ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച പരാതിയിൽ സംസ്ഥാന പോലീസ് മേധാവി/ജില്ലാ പോലീസ് മേധാവി, പാലക്കാട് എന്നിവരുടെ റിപ്പോർട്ട് ആരാഞ്ഞിരുന്നു. ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവി, പാലക്കാട് ലഭ്യമാക്കിയ റിപ്പോർട്ട് 28-11-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ പരാതിയിലെ ആരോപണ വിധേയനായ സി.പി.ഒ. സന്തോഷ് കുമാറിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളതും ടിയാന്റെ പേരിൽ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സംഭവത്തിൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ഗ്രേഡ് എസ്.ഐ. രാജേന്ദ്രകുമാറിന് ടി സംഭവത്തിൽ പങ്കില്ല എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടെങ്കിലും ടിയാനേയും പ്രസ്തുത ആരോപണത്തിന്മേൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിൽനിന്നും സ്ഥലം മാറ്റിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു.

(ബി) സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ രഹസ്യനിരീക്ഷണം നടത്തിയും പോലീസ് മർദ്ദനം ഉണ്ടാകാൻ പാടില്ല എന്ന് കർശന നിർദ്ദേശം സബ്ബ് ഡിവിഷണൽ ഡി.വൈ.എസ്.പി.മാർക്കും എസ്.എച്ച്.ഒ.മാർക്കും നൽകിയും ആയത് പാലിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ നിരന്തരം പരിശോധനാ വിധേയമാക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മർദ്ദനം ഉണ്ടായതായി ആരോപിക്കപ്പെട്ട 3 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ടി സംഭവങ്ങളിന്മേൽ അന്വേഷണം നടന്നുവരുന്നു.

കാവിലുംപാറ ഗവ. ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

264 (274) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗവ. ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് സ്കൂൾ പി.ടി.എ. സമർപ്പിച്ച അപേക്ഷയിൽമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകൾ 10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശകസമിതി പരിശോധിക്കുകയും പ്രസ്തുത യോഗതീരുമാന പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

ഓപ്പറേഷൻ കുബേര

265 (275) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര മുഖേന എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പദ്ധതി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരമുഖേന 3548 കേസ്സുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും പദ്ധതി തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളെയും സാമ്പത്തിക ഇടപാടുകാരെയും നിരീക്ഷിക്കുകയും നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഓപ്പറേഷൻ സുരക്ഷ പദ്ധതി

266 (276) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ സുരക്ഷ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly